**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2394** **30-09-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിച്ച വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിയെന്നുമുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 22.09.2025 വരെ 4,301 വീടുകൾ അനുവദിച്ചു. ഇതിൽ 3,180 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.1,121 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br>തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു |
| (ബി) | മണ്ഡലത്തിലെ ഭൂരഹിതരായ അപേക്ഷകർക്ക് ഭൂമി കണ്ടെത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഭൂമി ലഭ്യമാക്കേണ്ട അപേക്ഷകരുടെ എണ്ണവും ഭൂമി കണ്ടെത്തിയിട്ടുള്ള അപേക്ഷകരുടെ എണ്ണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br><br>ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനര ഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാ ക്കിയിട്ടുണ്ട്. കൂടാതെ ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിലൂടെ ലൈഫ് ലിസ്റ്റിലും ഇ.പി.ഇ.പി. ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഒരു ഗുണഭോ ക്താവിന് രണ്ടര ലക്ഷം രൂപ വീതം കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ നൽകി വരുന്നു. ഇതിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെ ടുത്തിയും പട്ടിക ജാതി, പട്ടിക വർഗ്ഗ വകുപ്പുകളും ലൈഫ് ലിസ്റ്റിലുൾ പ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ അർഹരായ ഭൂരഹിത ഭവനരഹിതരുടേയും അതിൽ ഭൂമി യാർജ്ജിച്ചവരുടേയും, ഭൂമിയാർ ജ്ജിക്കുവാൻ അവശേഷിക്കുന്നവ രുടേയും എണ്ണം തദ്ദേശ സ്ഥാപനം തിരിച്ച് അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം(1)**

| തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| പൂഞ്ഞാർ | 189 | 129 | 60 |
| പൂഞ്ഞാർ തെക്കേക്കര | 328 | 157 | 171 |
| തീക്കോയി | 250 | 170 | 80 |
| തിടനാട് | 346 | 255 | 91 |
| എരുമേലി | 714 | 518 | 196 |
| കൂട്ടിക്കൽ | 386 | 279 | 107 |
| മുണ്ടക്കയം | 550 | 440 | 110 |
| പാറത്തോട് | 395 | 294 | 101 |
| കോരുത്തോട് | 515 | 342 | 173 |
| ഈരാറ്റുപേട്ട (മുനിസിപ്പാലിറ്റി) | 628 | 596 | 32 |
| **ആകെ** | **4,301** | **3,180** | **1,121** |

**അനുബന്ധം(2)**

| തദ്ദേശസ്വയംഭരണ സ്ഥാപനം | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂരഹിത ഭവനരഹിതരുടെ എണ്ണം | ഭൂമിയാർജ്ജിച്ചവരുടെ എണ്ണം | ഭൂമിയാർജ്ജിക്കുവാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|
| പൂഞ്ഞാർ | 118 | 22 | 96 |
| പൂഞ്ഞാർ തെക്കേക്കര | 112 | 24 | 88 |
| തീക്കോയി | 103 | 27 | 76 |
| തിടനാട് | 202 | 58 | 144 |
| എരുമേലി | 768 | 164 | 604 |
| കൂട്ടിക്കൽ | 164 | 50 | 114 |
| മുണ്ടക്കയം | 621 | 136 | 485 |
| പാറത്തോട് | 497 | 131 | 366 |
| കോരുത്തോട് | 169 | 48 | 121 |
| ഈരാറ്റുപേട്ട (മുനിസിപ്പാലിറ്റി) | 560 | 3 | 557 |
| **ആകെ** | **3,314** | **663** | **2,651** |